പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4097** — **24.06.2019-ൽ മറുപടിയ്ക്ക്**

## കിർത്താഡ്സിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിലെ നിയമനം

**ചോദ്യം**

**ശ്രീ.ജോർജ് എം. തോമസ്**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കോഴിക്കോട് കിർത്താഡ്സിൽ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ കോൺട്രാക്ട് നിയമനം പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കുമോ ; | എ) | കിർടാഡ്സ് വകുപ്പിലെ വിജിലൻസ് വിഭാഗത്തിൽ റിസർച്ച് അസിസ്റ്റന്റുമാരുടെ കോൺട്രാക്ട് നിയമനം പുതുക്കി നൽകിക്കൊണ്ട് 15.06.2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം.489/2019/പജ.പവ.വിവ. പ്രകാരം ഉത്തരവായിട്ടുണ്ട്. റിസർച്ച് അസിസ്റ്റന്റുമാരുടെ കോൺട്രാക്ട് നിയമനം പുതുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള മറ്റ് അപേക്ഷകളൊന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല. |
| ബി) | നിയമനം പുതുക്കി നൽകുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ ; | ബി) | റിസർച്ച് അസിസ്റ്റന്റുമാരുടെ കോൺട്രാക്ട് നിയമനം പുതുക്കുന്നതിന് യഥാസമയം പ്രപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുകയും നിയമനം പുതുക്കി നൽകിയിട്ടുമുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള താമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. |
| സി) | യോഗ്യരായവർക്ക് നിയമനം പുതുക്കി നൽകുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ ? | സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

Hari

**സെക്ഷൻ ഓഫീസർ**